## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 മാർച്ച് 19, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

56(*361) പിന്നാക്ക വിഭാഗ കോർപ്പറേഷൻ മുഖാന്തരം സി.ഡി.എസ്.-കൾക്ക് വായ്പ

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, സി.ഡി.എസു-കൾ മുഖേന 2024-25 സാമ്പത്തിക വർഷത്തിൽ 26197 ഗുണഭോക്താക്കൾക്കായി 184,43,47,071/- രൂപ മൈക്രോ ക്രെഡിറ്റ് വായ്പയായി അനുവദിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനും പദ്ധതി

വിപുലീകരിക്കുന്നതിനുമായി സംസ്ഥാനത്തുടനീളം ജില്ല/ഉപജില്ല ഓഫീസുകൾ മുഖേന ബോധവത്കരണ ക്ലാസ്സുകൾ, വായ്പാ മേളകൾ എന്നിവ നടത്തിവരുന്നുണ്ട്. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ സഫായി കർമചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ എന്നിവയുടെ ലഘുവായ്പാ പദ്ധതികളാണ് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3,643.16 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ടെന്നും 2025-26 സാമ്പത്തിക വർഷം 900 കോടി രൂപ വായ്പ നൽകാൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ടെന്നും 893 ഗുണഭോക്താക്കൾക്ക് വായ്പാ തിരിച്ചടവിൽ 9.75 കോടി രൂപയുടെ ഇളവ് അനുവദിച്ചിട്ടുണ്ടെന്നും പരമ്പരാഗത കരകൗശല ഉൽപന്നങ്ങളുടെ പ്രദർശനം, വിപണനം എന്നിവയ്ക്ക് ജില്ലാതലത്തിൽ സംവിധാനമൊരുക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 57(*362) നദികളിലെ എക്കലും ചെളിയും നീക്കം ചെയ്യാൻ നടപടി

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടിയിൽ, സുസ്ഥിരമായ ജലവിഭവ മാനേജ്മെന്റ് ഉറപ്പാക്കുന്നതിനും വെള്ളപ്പൊക്ക പ്രതിരോധശേഷി മെച്ചപ്പെടുത്തുന്നതിനും ഭൂഗർഭജല റീചാർജ് വർധിപ്പിക്കുന്നതിനും നദികളിലെ സ്വാഭാവിക ഒഴുക്ക് പുനസ്ഥാപിക്കുന്നതിനുമായി പൊതുജനങ്ങൾ/പ്രാദേശിക സമൂഹങ്ങൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ജില്ലാ ദുരന്ത നിവാരണ അതോറിറ്റി എന്നിവയുടെ പങ്കാളിത്തത്തോടെ നദികളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പെരിയാർ, മൂവാറ്റുപുഴയാർ, കടമ്പ്രയാർ നദികളിലും പോഷകനദികളിലും അടിഞ്ഞുകൂടിയ ചെളിയും അവശിഷ്ടങ്ങളും നീക്കംചെയ്യുന്ന 'ഓപ്പറേഷൻ വാഹിനി' പദ്ധതി 2025-26-ഓടെ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ കരുവന്നൂർ, കേച്ചേരി, പുഴക്കൽ നദികളിലും തിരുവനന്തപുരം ജില്ലയിൽ കരമനയാർ, കിള്ളിയാർ, നെയ്യാർ, മാമം, വാമനപുരം, അയിരൂർ നദികളിലും ഇത്തിക്കര, കല്ലട, അച്ചൻകോവിൽ, പമ്പ എന്നീ നദികളിലും ഡിസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. കുട്ടനാട്ടിൽ

അടിഞ്ഞുകൂടുന്ന എക്കലും ചെളിയും നീക്കംചെയ്യുന്നതിനായി Restoration of Ecosystems of Kuttanad in Alappuzha District (Phase I) പ്രവൃത്തിയുടെ DPR-ഉം വേമ്പനാട് കായലിന്റെയും അനുബന്ധ ചാനലുകളുടെയും ആഴം കൂട്ടുന്നതിന് 28.79 കോടി രൂപയുടെ DPR-ഉം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കോരപ്പുഴ അഴിമുഖം മുതൽ റെയിൽവെ പാലംവരെ ചെളിയും എക്കലും നീക്കം ചെയ്യുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നതും കല്ലായി പുഴയുടെ പുനരുജ്ജീവന പ്രവൃത്തി പ്രാരംഭഘട്ടത്തിലുമാണ്. പൂക്കോട്ടുമണ്ണ ആർ.സി.ബി., ചെറുതുരുത്തി ചെക്ക് ഡാം, മഞ്ഞുമ്മൽ റെഗുലേറ്റർ, പുറപ്പള്ളിക്കാവ് റെഗുലേറ്റർ എന്നിവിടങ്ങളിൽനിന്ന് എക്കലും ചെളിയും നീക്കം ചെയ്യുകയും വെള്ളിയാംകല്ല് റെഗുലേറ്ററിന്റെ ഡിസിൽറ്റേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്. കൂടാതെ, ചെറുതുരുത്തി, പട്ടാമ്പി ചെക്ക് ഡാമുകൾ, കൂട്ടക്കടവ് റെഗുലേറ്റർ എന്നിവയുടെ അപ്സ്ട്രീം ഭാഗങ്ങളിൽനിന്നുള്ള ചെളി നീക്കം ചെയ്യുന്നതിനുള്ള ടെൻഡർ നടപടികളാരംഭിക്കുകയും കാങ്കകടവ്, മുതിക്കയം ആർ.സി.ബി.-കളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരികയുമാണ്. നദികളുടെ സ്വാഭാവിക ഒഴുക്കിന് തടസ്സമാകാത്ത രീതിയിലും റെഗുലേറ്റർ-കം-ബ്രിഡ്ജ്, ചെക്ക് ഡാമുകൾ

എന്നിവയുടെ സുരക്ഷ ഉറപ്പുവരുത്തിയും ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിലുമാണ് ഇത്തരം പ്രവൃത്തികൾ ജലസേചന വകുപ്പ് നടത്തിവരുന്നതെന്ന് മന്ത്രി കൂട്ടിച്ചേർത്തു. 2018, 2019 വർഷങ്ങളിലെ മഹാ പ്രളയത്തെത്തുടർന്ന് തീരശോഷണം സംഭവിച്ച നദികളുടെ സംരക്ഷണത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ഒരു കോടി ഘനമീറ്റർ എക്കലും ചെളിയും നീക്കം ചെയ്തിട്ടുണ്ടെന്നും തുടർപ്രവർത്തനങ്ങൾക്ക് SOP തയ്യാറാക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും മേജർ ഡാമുകൾ, റിസർവോയറുകൾ എന്നിവയുടെ സമീപ പ്രദേശങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾക്ക് പരിധി നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിലുള്ള നിർമ്മാണപ്രവർത്തനങ്ങളെ ബാധിക്കുന്ന സാഹചര്യത്തിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണെന്നും പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവയുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ജലസേചന വകുപ്പിന്റെ അധീനതയിലുള്ളതും ഉപയോഗിക്കാതെ കിടക്കുന്നതുമായ സ്ഥലങ്ങളിൽ കളിക്കളങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 58(*363) യുവാക്കൾക്കിടയിലെ മാനസികപ്രശ്നങ്ങൾ പരിഹരിക്കാൻ കർമ്മപദ്ധതി

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് യുവജനങ്ങളുടെ 'മാനസികാരോഗ്യം ശക്തിപ്പെടുത്തുക' എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ 'Mental Health of Youth at Work' എന്ന പേരിൽ ഐ.ടി/ഗിഗ് ഇക്കോണമി/മീഡിയ/ഇൻഷ്വറൻസ്/ബാങ്കിങ്/ റീട്ടെയിൽ/ഇൻഡസ്ട്രിയൽ എന്നീ മേഖലകളിൽ ജോലിചെയ്യുന്ന 18-നും 40-നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾക്കിടയിൽ ശാസ്ത്രീയ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആത്മഹത്യ പ്രവണത, തൊഴിൽ സമ്മർദ്ദം തുടങ്ങിയ മാനസികാവസ്ഥയിൽനിന്നും യുവതലമുറയെ മോചിപ്പിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ദേശീയ/സർവകലാശാല/ജില്ലാ അടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിച്ച് യുവജനങ്ങളുടെ മാനസിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നുണ്ട്. 'No To Drugs' എന്ന പദ്ധതിയുടെ ഭാഗമായി നിയമസഭാ മണ്ഡലങ്ങളിലുടനീളം മന്ത്രിമാർ/എം.എൽ.എ.-മാർ/ ജനപ്രതിനിധികൾ/പ്രമുഖ വ്യക്തിത്വങ്ങൾ/ പോലീസ്/എക്സൈസ്

മേധാവികൾ/ആരോഗ്യ രംഗത്തെ പ്രമുഖർ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ നടപ്പാക്കിയ "ജനസഭ" എന്ന ജനകീയ കൂട്ടായ്മയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിക്കുകയുണ്ടായി. 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ വിവിധ ക്യാമ്പയിനുകളും യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം "ഉയിർപ്പ്" എന്ന പേരിൽ കലാജാഥയും സംഘടിപ്പിച്ചതിനുപുറമെ തിരുവനന്തപുരം കരിമഠം, ചെങ്കൽച്ചൂള എന്നിവിടങ്ങളിലെ യുവാക്കളുടെ പങ്കാളിത്തത്തോടുകൂടി 'Real to Reel' എന്ന സിനിമ നിർമ്മാണ ശിൽപശാല സംഘടിപ്പിക്കുകയും ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി പ്രചാരണ ചിത്രം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. യുവാക്കൾക്കിടയിൽ മയക്കുമരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗംമൂലമുണ്ടാകുന്ന പെരുമാറ്റ പ്രശ്നങ്ങളും മാനസിക ആരോഗ്യ പ്രശ്നങ്ങളും നേരിടുന്നതിന് സാമൂഹ്യനീതി വകുപ്പ് ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നുണ്ട്. മാനസികരോഗ ചികിത്സയ്ക്കുശേഷമുള്ള പുനരധിവാസം ഉറപ്പാക്കുന്നതിന് സർക്കാർ/സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന 42 സ്ഥാപനങ്ങൾക്ക് സൈക്കോ സോഷ്യൽ

റിഹാബിലിറ്റേഷൻ പദ്ധതി പ്രകാരം സർക്കാർ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. യുവാക്കളിൽ വർധിച്ചുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ മുൻകൂട്ടി കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നതിനും ആത്മഹത്യ പ്രവണത തടയുന്നതിനുമായി എക്സൈസ്/ആരോഗ്യം/വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെയും വിവിധ ഏജൻസികളുടെയും ഏകോപനത്തിൽ 'സമ്പൂർണ്ണ മാനസികാരോഗ്യം', 'ജീവൻ രക്ഷ', 'ആശ്വാസ്' തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെന്നും ജില്ലാ/താലൂക്ക് ആശുപത്രികളിലെ സൈക്യാട്രി യൂണിറ്റുകൾവഴിയും 306 ക്ലിനിക്കുകൾ വഴിയും മാനസികാരോഗ്യ സേവനങ്ങൾ സൗജന്യമായി നൽകിവരുന്നുണ്ടെന്നും ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം ഉറപ്പുവരുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം പ്രദർശിപ്പിക്കുന്ന സിനിമകൾക്ക് ഒ.ടി.ടി. പ്ലാറ്റ്ഫോമിലുൾപ്പെടെ സെൻസറിങ് ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര വാർത്താവിതരണ മന്ത്രാലയം, സെൻസർ ബോർഡ് എന്നിവയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

59(*364) <u>പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, സർക്കാരിന്റെ മൂലധന സഹായം, കേന്ദ്ര പട്ടികജാതി/പട്ടികവർഗ കോർപ്പറേഷനുകളുടെ പുനർവായ്പാ സഹായം എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ മുഖാന്തരം ടി വിഭാഗത്തിൽപ്പെട്ടവർക്ക് മിതമായ പലിശ നിരക്കിൽ 50 ലക്ഷം രൂപ വരെ വായ്പകൾ ലഭ്യമാക്കുന്നുണ്ടെന്നും സാമ്പത്തിക നില മെച്ചപ്പെടുത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് ഇതിലൂടെ സാധിച്ചിട്ടുണ്ടെന്നും നാളിതുവരെ 218000 ഉപഭോക്താക്കൾക്ക് വായ്പ അനുവദിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. യുവസംരംഭകരുടെ നൂതനാശയങ്ങൾക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്നതിന് പരമാവധി 50 ലക്ഷം രൂപവരെ നൽകുന്ന "സ്റ്റാർട്ട് അപ്പ് സംരംഭകർക്കുള്ള വായ്പാ പദ്ധതി, നിശ്ചിത പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയും വൈദഗ്ധ്യവുമുള്ള പട്ടികജാതിയിൽപ്പെട്ട യുവതീ-യുവാക്കൾക്ക് സ്വന്തമായി പ്രാക്ടീസ്/സ്വയംതൊഴിൽ എന്നിവ ചെയ്യുന്നതിന് 5 ലക്ഷം രൂപ

വരെ വായ്പ നൽകുന്ന "പ്രൊഫഷണൽ സർവീസ് പദ്ധതി" എന്നിവ നടപ്പാക്കിവരുന്നതുകൂടാതെ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന സംരംഭകത്വ വികസന പരിശീലന പരിപാടി 2025-26-ൽ സംഘടിപ്പിക്കുന്നതിനും കോർപ്പറേഷൻ ലക്ഷ്യമിടുന്നുണ്ട്. പട്ടികവർഗ വിഭാഗത്തിലെ യുവാക്കളെ സംരംഭകരും മികച്ച വരുമാനമുള്ളവരുമാക്കി മാറ്റുന്നതിനുവേണ്ടി ആദിവാസി സംരംഭക വായ്പ പദ്ധതി നടപ്പാക്കിയതിനുപുറമെ പട്ടികവർഗ വിഭാഗത്തിലെ സ്ത്രീകളുടെ ശക്തീകരണത്തിനായി ആദിവാസി മഹിളാ ശാക്തീകരണ പദ്ധതി, കുടുംബശ്രീ അംഗങ്ങൾക്കുള്ള വായ്പാ പദ്ധതി എന്നിവയും നടപ്പാക്കുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിന് അനുയോജ്യമായ സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടെന്നും കോർപ്പറേഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ ആലോചിക്കുന്നതാണെന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയതിലൂടെ 2.75 കോടി രൂപയുടെ ഇളവ് അനുവദിച്ചിട്ടുണ്ടെന്നും ഇതിനായി പുതിയ വായ്പ നൽകുന്ന 'പ്രത്യാശ പദ്ധതി' പ്രകാരം 4.6 കോടി രൂപ വായ്പ നൽകിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കോർപ്പറേഷന്റെ സഞ്ചിത നഷ്ടം കുറച്ച് പ്രവർത്തന ലാഭമുണ്ടാക്കാൻ സാധിച്ചിട്ടുണ്ടെന്നും അടുത്ത അഞ്ച് വർഷം കൊണ്ട് സഞ്ചിത നഷ്ടം പൂർണ്ണമായി ഇല്ലാതാക്കാനാവശ്യമായ നടപടികളാണ് ആവിഷ്കരിച്ചുവരുന്നതെന്നും കോർപ്പറേഷന്റെ നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

60(*365) <u>ആഴക്കടൽ മത്സ്യബന്ധന പദ്ധതികൾ</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിത യന്ത്രവത്കൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുന്നതിന് പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന 2020-21 പദ്ധതി നടപ്പാക്കിവരുന്നതായി സഭയെ അറിയിച്ചു. ടി പദ്ധതിപ്രകാരം 10 പേർ അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ ലഭ്യമാകുന്നതാണ്.

കൊച്ചിൻ ഷിപ്പ്‌യാർഡിൽ നിർമ്മാണം പൂർത്തിയാക്കിയ 6 ബോട്ടുകൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യതിനുപുറമെ ബാക്കിയുള്ള യൂണിറ്റുകൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. കൂടാതെ 2023-24 പദ്ധതിയിലുൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വ്യക്തിഗത മത്സ്യത്തൊഴിലാളികൾ/മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ എന്നിവയ്ക്ക് നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. ടി പദ്ധതിപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് സ്വന്തം നിലയ്ക്ക് യാനങ്ങൾ നിർമ്മിക്കുന്നതിന് Expression of Interest ക്ഷണിക്കുകയും രണ്ട് യാന നിർമ്മാണ ശാലകൾ എംപാനൽ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും തുടർനടപടി സ്വീകരിച്ചുവരികയുമാണ്. 2023-2024 സാമ്പത്തിക വർഷം ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനും ആഴക്കടലിൽനിന്നുള്ള വിഭവങ്ങൾ പരമ്പരാഗത മേഖലയ്ക്ക് പ്രയോജനപ്പെടുത്തുന്നതിനുമായി പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് സബ്സിഡി നിരക്കിൽ ആഴക്കടൽ മത്സ്യബന്ധനത്തിന് അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും നൽകുന്ന

132.50 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, തിരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ലോങ്ങ് ലൈൻ ഫിഷിങ്, ഗിൽ നെറ്റിങ് എന്നീ ആഴക്കടൽ മത്സ്യബന്ധന രീതികളിൽ CIFT-ന്റെ നേതൃത്വത്തിൽ പരിശീലനം സംഘടിപ്പിക്കുകയും ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് അവബോധം നൽകുന്നതിനും പ്രവർത്തന മാന്വൽ പരിചയപ്പെടുത്തുന്നതിനും തുടർപരിശീലനത്തിനുമായി കൊച്ചിൻ ഷിപ്പ്‌യാർഡിന് നിർദേശം നൽകുകയും ആയത് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിലൂടെ ലഭിക്കുന്ന മത്സ്യത്തിന് ന്യായവില ഉറപ്പുവരുത്തി മത്സ്യഫെഡുവഴി ശേഖരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും തൊഴിൽതീരം പദ്ധതിപ്രകാരം 25000-ഓളം പേർക്ക് പരിശീലനം നൽകി തൊഴിൽ സാധ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആഴക്കടൽ മണൽ ഖനനത്തിനെതിരെയുള്ള പ്രതിഷേധം ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 61(*366) വിവിധ തൊഴിൽ മേഖലകളിലെ യുവജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പാക്കാൻ നടപടി

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, യുവജനങ്ങളുടെ മാനസിക പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിനും മാനസികാരോഗ്യത്തിന് മുൻഗണന നൽകുന്നതിനും ആത്മഹത്യ പ്രതിരോധത്തിനുമായി 'Modern World of Work and Youth Mental Health' എന്ന വിഷയത്തിൽ ദേശീയ/സർവകലാശാല/ജില്ലാ/പ്രാദേശിക അടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും യുവജനങ്ങളുടെ അവകാശ സംരക്ഷണത്തിനും പരാതി പരിഹാരത്തിനുമായി അദാലത്തുകൾ, ആരോഗ്യക്യാമ്പുകൾ തുടങ്ങി നിരവധി കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും സൗജന്യ നിയമസഹായത്തിനായി ടോൾഫ്രീ നമ്പർ സൗകര്യമൊരുക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച് ഐ.റ്റി/ഗിഗ് ഇക്കോണമി/മീഡിയ/ഇൻഷ്വറൻസ്/ബാങ്കിങ്/റീട്ടെയിൽ/ഇൻഡസ്ട്രിയൽ എന്നീ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന 18-നും 40-നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾക്കിടയിൽ സർവെ നടത്തി സമർപ്പിച്ച റിപ്പോർട്ടിലെ

നിർദേശങ്ങൾ സർക്കാർ പരിശോധിക്കുന്നതാണ്. തൊഴിൽ മേഖലയിൽ യുവാക്കളുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് യുവജന സംഘടനകൾ/ക്ലബ്ബുകൾ എന്നിവയുടെ നേതൃത്വത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും മാനസിക സമ്മർദ്ദം കുറയ്ക്കാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.